**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205** **12-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി ദെലീമ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വ്യവസായാന്തരീക്ഷം കലുഷിതമെന്ന് വരുത്തിത്തീർക്കാൻ ചില ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ നിലവിലുള്ള വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനും പരിപാടിയുണ്ടോ; | (എ) | ഒറ്റപ്പെട്ട ചില സംഭവങ്ങൾ ബോധപൂർവ്വം പെരുപ്പിച്ച് കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം നിലവിൽ സംരംഭകർക്ക് അനുകൂലമാണ്. നിലവിലുള്ള വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനും വിവിധ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്നുണ്ട്. സംരംഭകർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയ നിയമനിർമാണങ്ങളാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള |

കാലതാമസം ഒഴിവാക്കാനും ബുദ്ധിമുട്ട് ലഘൂകരിക്കാനും കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-CentraIised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ നിലവിൽ പരിശോധനകൾ നടന്നു വരുന്നു. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും, നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ മികച്ച സാമ്പത്തിക വളർച്ചാ സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേല്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയ ബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേക്കായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടി ഇതിനകം 10 ജില്ലകളിൽ നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ചു നടത്തിവരുന്നു .

| | | | |
|---|---|---|---|
| (ബി) | വൻകിട വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി മീറ്റ് ദ ഇൻവെസ്റ്റർ പരിപാടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് ആശാവഹമായ പ്രതികരണം ആരംഭത്തിൽത്തന്നെ ലഭ്യമായിട്ടുണ്ടോ; | (ബി) | നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടി നടത്തി വരുന്നു. പ്രസ്തുത പരിപാടിയിലൂടെ വ്യവസായികളുടെ അഭിപ്രായം തേടുകയും ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെ സർക്കാരിന് പിന്തുണ നൽകിവരികയുമാണ്. 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഇതുവരെ 2350 കോടി രൂപയുടെ നിക്ഷേപ പദ്ധതികളിൽ ധാരണയായിട്ടുണ്ട്. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു. വ്യവസായ വകുപ്പ് മന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തി വരുന്നുണ്ട്. വ്യവസായ സംഘടനകൾ സർക്കാരിന്റെ വിവിധ പരിഷ്കരണ പദ്ധതികളെ പൂർണ്ണമായി പിന്തുണച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പരിപാടിയിലൂടെ വ്യവസായികളുടെ അഭിപ്രായം തേടുകയും സർക്കാരിന്റെ പിന്തുണ വ്യക്തമാക്കുകയും ലക്ഷ്യമാക്കുന്നുണ്ടോ; | (സി) | നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടി നടത്തി വരുന്നു. പ്രസ്തുത പരിപാടിയിലൂടെ വ്യവസായികളുടെ അഭിപ്രായം തേടുകയും ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെ സർക്കാരിന് പിന്തുണ നൽകിവരികയുമാണ്. 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയിലൂടെ ഇതുവരെ 2350 കോടി രൂപയുടെ നിക്ഷേപ പദ്ധതികളിൽ ധാരണയായിട്ടുണ്ട്. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു. വ്യവസായ വകുപ്പ് മന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തി വരുന്നുണ്ട്. വ്യവസായ സംഘടനകൾ സർക്കാരിന്റെ വിവിധ പരിഷ്കരണ പദ്ധതികളെ പൂർണ്ണമായി പിന്തുണച്ചിട്ടുണ്ട്. |
| (ഡി) | കാലഹരണപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ |

| | | | |
|---|---|---|---|
| | | | സംഘടനകളുമായും, വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ